**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1783 — 14.7.2016 -ൽ മറുപടിക്ക്

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തിയ ഏതെങ്കിലും റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാതെയുണ്ടോയെന്ന് അറിയിക്കാമോ; കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽ പ്രസ്തുത വകുപ്പിന്റെ കീഴിൽ നടന്നിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ റോഡുകളുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ വിനോദ സഞ്ചാര വകുപ്പിന്റെ താഴെ പറയുന്ന പദ്ധതി നടന്നു വരികയാണ്.<br><br>കണ്ണേറ്റി കായലിൽ ടൂറിസം അമിനിറ്റി സെന്ററും, നടപ്പാതയും പവിലിയനും ബോട്ടുജെട്ടിയും നിർമ്മാണം (അനുവദിച്ച തുക ഒരു കോടി രൂപ) |
| (ബി) കായംകുളം ഫിഷിംഗ് ഹാർബറിന് സമീപമുള്ള അഴീക്കൽ ബീച്ച് നവീകരിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന് നിലവിൽ പദ്ധതിയുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ; | ബി) അഴീക്കൽ ബീച്ചിന്റെ നവീകരണത്തിനായി താഴെ പറയുന്ന പ്രവർത്തികൾ വിനോദസഞ്ചാര വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.<br>1 നടപ്പാതയും ഗ്യാലറിയും<br>2. പടിപ്പുര<br>3. ഓപ്പൺ സ്റ്റേജ്<br>4. കളിത്തട്ട് |
| (സി) മാതാ അമൃതാനന്ദമയി മഠത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രധാന റോഡായ ചെറിയഴീക്കൽ-അഴീക്കൽ, ആയിരം തെങ്ങ് റോഡിന്റെ ഇരുവശങ്ങളും മനോഹരമാക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് പദ്ധതി തയ്യാറാക്കാമോ; പദ്ധതിയുടെ വിശദാംശം നൽകാമോ? | സി) ടി പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യത പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ. . |

സെക്ഷൻ ഓഫീസർ